# Malayala Manorama

# 31 August 2018

# Kochi; After Flood,Maintenance, Roads,Medical Camps

## നഗരത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി ഉടൻ: മെഡിക്കൽ ക്യാംപിനും മുൻഗണന

### സർവകക്ഷി യോഗത്തിൽ നിന്ന് പ്രതിപക്ഷം ഇറങ്ങിപ്പോയി

കൊച്ചി • കനത്ത മഴയിൽ കേടുപാടുകൾ സംഭവിച്ച നഗരത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്യാൻ മേയർ സൗമിനി ജെയിൻ വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിൽ തീരുമാനം.

ഇതിനായി സൂപ്രണ്ടിങ് എൻജിനീയറെ ചുമതലപ്പെടുത്തി. ശുചീകരണം, മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കൽ എന്നിവയ്ക്കും മുൻഗണന നൽകണമെന്നു യോഗം ഉദ്യോഗസ്ഥരോടു നിർദേശിച്ചു. ദുരിതാശ്വാസത്തിനായി സാധനങ്ങൾ ശേഖരിക്കാൻ നഗരസഭ ടൗൺഹാളിൽ നടത്തിയ ക്യാംപിൽ ബെംഗളൂരുവിൽ നിന്ന് എത്തിയ ഒരു ലോഡ് സാധനങ്ങൾ റജിസ്റ്ററിൽ ഉൾപ്പെടുത്താതെ വിതരണം ചെയ്തതും യോഗത്തിൽ ചർച്ചയായി. ഏകോപന ചുമതലയുണ്ടായിരുന്ന സെക്രട്ടറിയോടു മേയർ ഇക്കാര്യത്തിൽ വിശദീകരണം തേടിയതിനെച്ചൊല്ലിയുള്ള വാദപ്രതിവാദത്തെ തുടർന്നു പ്രതിപക്ഷം യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയി. ഓരോ വ്യക്തിയും സംഭാവന ചെയ്യുന്ന സാധനങ്ങളുടെയും അത് എവിടേക്ക് ആരുവഴി വിതരണം ചെയ്തു എന്നതിനും കൃത്യമായ റജിസ്റ്റർ വേണമെന്നു മേയർ നിർദേശിച്ചിരുന്നു.

എന്നാൽ ബെംഗളൂരുവിൽ നിന്നെത്തിയ ഒരു ലോഡ് സാധനങ്ങൾ എന്തൊക്കെയാണെന്നും ആർക്കു നൽകിയെന്നും റജിസ്റ്ററിൽ ഉൾപ്പെടുത്താതെ വിതരണം ചെയ്തതു സംബന്ധിച്ചാണു മേയർ സെക്രട്ടറി എ.എസ്. അനൂജയോടു വിശദീകരണം തേടിയത്.

ഇതു സംബന്ധിച്ചു കഴിഞ്ഞ ദിവസങ്ങളിൽ സെക്രട്ടറിക്കു കുറിപ്പു നൽകിയിട്ടും മറുപടി ലഭിക്കാത്തതിനെ തുടർന്നാണു യോഗത്തിൽ വിശദീകരണം തേടിയത്.

'അൻപോട് കൊച്ചി' ദുരിതാശ്വാസ ക്യാംപിൽ നിന്നു മുൻ കലക്ടർ എം.ജി. രാജമാണിക്യം ഇടപെട്ട് അയച്ച സാധനങ്ങളാണിതെന്നും അതിനാൽ നഗരസഭയിൽ കണക്കു സൂക്ഷിക്കേണ്ടതില്ലെന്നുമായിരുന്നു സെക്രട്ടറിയുടെ വിശദീകരണം. എങ്ങനെ ലഭിച്ചതാണെങ്കിലും നഗരസഭ വഴി വിതരണം ചെയ്യുമ്പോൾ കൃത്യമായ കണക്കു വേണമെന്നു മേയർ പറഞ്ഞു.

ഇതിനെ തുടർന്നുള്ള വാദപ്രതിവാദത്തിനൊടുവിലായിരുന്നു പ്രതിപക്ഷത്തിന്റെ ഇറങ്ങിപ്പോക്ക്. ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ നഗരസഭയുടെ വീഴ്ചകൾ മറയ്ക്കാനായിട്ടാണു മറ്റു വിഷയങ്ങൾ ചർച്ച ചെയ്യുന്നതെന്നും സംസ്ഥാന സർക്കാർ നിർദേശങ്ങൾ നഗരസഭ പാലിക്കുന്നില്ലെന്നും പ്രതിപക്ഷ നേതാവ് കെ.ജെ. ആന്റണിയും പ്രതിപക്ഷ പാർലമെന്ററി പാർട്ടി സെക്രട്ടറി വി.പി. ചന്ദ്രനും ആരോപിച്ചു.

പ്രളയകാലത്തു മേയറുടെ ദുരിതാശ്വാസ ഫണ്ടിലേക്കു ലഭിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കു കൈമാറാൻ തീരുമാനമായി. പ്രതിപക്ഷത്തെ കൗൺസിലർമാരെല്ലാം ഒരു മാസത്തെ ഓണറേറിയം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യുമെന്നും ഭരണപക്ഷ കൗൺസിലർമാരും അതിനു തയാറാവണമെന്നും സർവകക്ഷി യോഗത്തിൽ പ്രതിപക്ഷ പ്രതിനിധികൾ ആവശ്യപ്പെട്ടു.

ഈ നിർദേശം ഭരണപക്ഷത്തെ കൗൺസിലർമാരെ അറിയിക്കാമെന്നു മേയർ പറഞ്ഞു. ബിജെപി കൗൺസിലർ സുധ ദിലീപ്കുമാർ ഒരു മാസത്തെ ഓണറേറിയമായ 10,000 രൂപ സംഭാവന ചെയ്തു.

മകളുടെ കല്യാണം ചെലവു ചുരുക്കി നടത്തിയതിലൂടെ സ്വരൂപിച്ച തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകുമെന്നു മേയർ അറിയിച്ചു. കല്യാണത്തിനു സുഹൃത്തുക്കൾ സമ്മാനമായി എത്തിച്ച 8000 രൂപയും ദുരിതാശ്വാസ നിധിയുടെ ഭാഗമാക്കി.

### സഹായവുമായി ഇസ്രയേൽ കോൺസുലേറ്റും

കൊച്ചി • കേരളത്തിലെ പ്രളയബാധിതർക്കു സഹായവുമായി ഇസ്രയേൽ കോൺസുലേറ്റും. കോൺസൽ ജനറൽ കൊച്ചി മേയറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു ലോഡ് അവശ്യ സാധനങ്ങളാണു നഗരസഭയുടെ ദുരിതാശ്വാസ വിഭവശേഖരണ യജ്ഞത്തിലേക്ക് അയച്ചത്. ടൗൺഹാളിൽ ശേഖരിച്ചിരിക്കുന്ന ഈ സാധനങ്ങൾ കൊച്ചി നഗരത്തോടു ചേർന്ന് പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച രണ്ടു പഞ്ചായത്തുകളിലെ ജനങ്ങൾക്കായി വിതരണം ചെയ്യാൻ ഇന്നലെ മേയറുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി യോഗത്തിൽ തീരുമാനിച്ചു. പല സ്ഥലങ്ങളിലായി പ്രളയ ദുരിതത്തിൽപ്പെട്ട കൊച്ചി നഗരസഭ ജീവനക്കാർക്കും ഇതിൽനിന്ന് അവശ്യ സാധനങ്ങൾ നൽകണമെന്നു മേയർ നിർദേശിച്ചു.